പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 405 — 20.10.2016 -ൽ മറുപടിക്ക്

## ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് കർമ്മപദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.വിൻസെന്റ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനായി വിവിധ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിനുതകുമാറ് വള്ളങ്ങളിൽ ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി, ലാന്റിംഗ് സെന്ററിൽ എത്തുന്ന മത്സ്യം വൃത്തിയുള്ള സാഹചര്യത്തിൽ ലേലം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും ശീതീകരണ സംവിധാനമുള്ള ലേലഹാളുകൾ, പുതുമ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളിലെത്തിക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ, ശുചിത്വവും, വൃത്തിയും ഉറപ്പുവരുത്തുന്നതും ശീതീകരണ സൗകര്യങ്ങൾ ഉള്ളതുമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ ശൃംഖല തുടങ്ങിയവ കെ.എസ്.സി.എ.ഡി.സി. വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ ചിലതാണ്. കൂടാതെ വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ ഉണക്ക മത്സ്യം തയ്യാറാക്കി കെ.എസ്.സി.എ.ഡി.സി. വഴി വിപണനം ചെയ്തുവരുന്നു. തീരദേശ വികസന കോർപ്പറേഷൻ ഗുണമേന്മയുള്ള ഉണക്കമത്സ്യം ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് ഉണക്കമത്സ്യത്തിന്റെ ഓൺലൈൻ വ്യാപാരവും ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള മത്സ്യവും മത്സ്യഉൽപന്നങ്ങളും ശുചിത്വമുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് മുഖേന ഫിഷ്മാർട്ട് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യഫെഡിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ മത്സ്യവിപണനരംഗത്ത് |

| | | | |
|---|---|---|---|
| | | | നേരിട്ടും പ്രാഥമിക സഹകരണസംഘങ്ങൾ മുഖേനയും ഇടപെടുകയെന്നതും ഉൾപ്പെടുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന് മികച്ച വില ഉറപ്പുവരുത്തുന്നതിന് ഇടനിലക്കാരെ ഒഴിവാക്കി ബീച്ച് /ലാന്റിംഗ് സെന്റർ /ഹാർബർ തലത്തിൽ മത്സ്യലേലത്തിൽ നേരിട്ട് ഇടപെടേണ്ടതാണ്. ഇപ്രകാരം ലേലത്തിൽ ഇടപെട്ട് ആർജ്ജിക്കുന്ന പച്ച മത്സ്യം ഏറ്റവും ഗുണനിലവാരത്തോടെ ഏറ്റവും അവസാനത്തെ ഗുണഭോക്താവിലെത്തിക്കാനുള്ള ഒരു വിപണന ശൃംഖല സജ്ജമാക്കേണ്ടതും മത്സ്യഫെഡിൽ അർപ്പിതമായ ചുമതലയാണ്. എന്നാൽ ഈ ചുമതല ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മത്സ്യഫെഡിന് ഇന്ന് വേണ്ടത്ര കഴിയുന്നില്ല. അതുകൊണ്ട് മത്സ്യഫെഡിന് ഈ മേഖലയിൽ ഇടപെടുന്നതിന് കൂടുതൽ പ്രാപ്തമാക്കി വിപണനശൃംഖല വിപുലീകരിക്കുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 10 വീതം മാതൃകാ മത്സ്യമാർക്കറ്റുകൾ ഈ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖേന സ്ഥാപിക്കുന്നതുമാണ്. |
| (ബി) | ഇതിനായി എവിടെയൊക്കെ ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്; വിവരിക്കുമോ; | (ബി) | ആകെ 29 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 2<br>കൊല്ലം - 2<br>പത്തനംതിട്ട - 2<br>കോട്ടയം - 9<br>എറണാകുളം - 11<br>കോഴിക്കോട് - 3<br>കൂടാതെ 20 ഫിഷ് മാർട്ടുകൾ കൂടി തുടങ്ങുന്നതാണ്. |
| (സി) | ഫിഷ് മാർട്ടുകൾ മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | ഗുണനിലവാരമുള്ള മത്സ്യവും മത്സ്യഉൽപന്നങ്ങളും ഗുണഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് വൃത്തിയായി നൽകുക വഴി മത്സ്യ വിപണിയിൽ ഇടപെടുന്നതിനും, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങൾ വഴിയും നേരിട്ടും സംഭരിച്ച് ഈ മേഖലയിൽ ഒരു ശൃംഖല സൃഷ്ടിച്ച് വിപണിയിൽ ഇടപെടുന്നതിനുമാണ് മത്സ്യഫെഡ് ലക്ഷ്യമിടുന്നത്. കൂടാതെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യം സംഭരിക്കുക വഴി ഇടത്തട്ടുകാരുടെ ചൂഷണം കുറച്ച് |

| | |
|---|---|
| | മത്സ്യത്തൊഴിലാളികൾക്ക് വിപണി വിലയിൽ നിന്നും വലിയ വ്യത്യാസമില്ലാത്ത വില അവരുടെ മത്സ്യത്തിന് ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ